(ഇ) ഫീസ് ആനുകൂല്യങ്ങളും സ്കോളർഷിപ്പും ഓരോ വർഷവും നൽകുന്നുണ്ട്. കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

43 (1257) പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യുന്നതിലും നിലനിൽക്കുന്ന കാലതാമസത്തെക്കുറിച്ച് വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് വീഴ്ചകൾ വന്നിട്ടില്ല.

(സി)&(ഡി) പരാതി പരിഹരിച്ച് ഇതിനകം പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങളിൽ വേണ്ടിവരുന്ന തിരുത്തലുകളും മാറ്റങ്ങളും കാലതാമസം കൂടാതെ നടത്തുവാനും പുതുതായി ഏർപ്പെടുത്തുന്ന ആറു ഡി.പി.ഇ.പി. ജില്ലകളിലേയ്ക്കാവശ്യമുള്ള പാഠപുസ്തകങ്ങളുടെ രചനയും ആവിഷ്കാരവും പൂർത്തിയാക്കി നവംബർ മാസത്തിൽ തന്നെ അവയുടെ സ്ക്രിപ്റ്റ് അച്ചടിക്ക് നൽകുവാനും ഉള്ള കർശനനിർദ്ദേശം ബന്ധപ്പെട്ടവർക്ക് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി നൽകിയിട്ടുണ്ട്.

44 (1258) പാഠപുസ്തകങ്ങളുടെ വിതരണം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് യഥാസമയം അച്ചടിച്ച് എത്തിക്കാൻ കഴിയാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) പാഠപുസ്തങ്ങൾ യഥാസമയം എത്തിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly